LIBRARY ARCHIVES Kerala Legislative Assembly

അരുവിക്കരയിൽ പോലീസ് സ്റ്റേഷൻ അനുവദിക്കുവാൻ നടപടി

17 [808] ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അരുവിക്കരയിൽ പുതിയ പോലീസ് സ്റ്റേഷൻ അനുവദിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പുതിയ പോലീസ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിന് മുൻഗണനാ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) അരുവിക്കരയിൽ ഈ സാമ്പത്തിക വർഷം തന്നെ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഉണ്ട്. 6-1-2005-ൽ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 58/2005/ആഭ്യന്തരം എന്ന ഉത്തരവ് പ്രകാരം അനുമതി നൽകിയ മുൻഗണനാ ലിസ്റ്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) അരുവിക്കരയിൽ പുതിയ പോലീസ് സ്റ്റേഷൻ ആരംഭിക്കുന്നതിന് പോലീസ് ഡയറക്ടർ ജനറൽ 4-2-2006-ൽ സമർപ്പിച്ച നിർദ്ദേശം സർക്കാർ പരിശോധിച്ചു വരുന്നു.

കീഴൂരിലെ അക്രമ സംഭവങ്ങൾ

18 [809] ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2005 നവംബർ 9-ന് കാസർഗോഡ് ജില്ലയിലെ കീഴൂരിൽ ഉണ്ടായ അക്രമ സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ഇത് സംബന്ധിച്ച് എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും പ്രതികൾ ആരെല്ലാമാണെന്നും വ്യക്തമാക്കാമോ ;

(സി) യഥാർത്ഥ പ്രതികളെ ഒഴിവാക്കി നിരപരാധികളെ കേസ്സിൽ ഉൾപ്പെടുത്തിയതായിട്ടുള്ള പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇത് സംബന്ധിച്ച് എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ഒരു കേസ്സ് ബേക്കൽ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 404/05. 400-ഓളം ഹിന്ദു മുസ്ലീം പ്രതികൾ. 60 പ്രതികളെ തിരിച്ചറിഞ്ഞു. (ഹിന്ദു-28, മുസ്ലീം-32). 39 പ്രതികളെ അറസ്റ്റ് ചെയ്തു. (ഹിന്ദു-14, മുസ്ലീം-25).

(സി) രണ്ട് പരാതികൾ ലഭിച്ചിട്ടുണ്ട്.

(ഡി) അന്വേഷണത്തിൽ പരാതിയിൽ പറഞ്ഞ കാര്യങ്ങൾ ശരിയല്ലയെന്ന് ബോധ്യമായിട്ടുണ്ട്.

മന്ത്രിമാർക്കെതിരായ വിജിലൻസ് കേസുകൾ

19 [814] ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ മന്ത്രിമാർക്കെതിരെ ഏതെങ്കിലും തരത്തിലുള്ള വിജിലൻസ് കേസുകൾ നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഏതൊക്കെ മന്ത്രിമാർക്കെതിരെയാണ് കേസ് നിലവിലുള്ളതെന്നും ഓരോ കേസിന്റെയും ഇപ്പോഴത്തെ സ്ഥിതി എന്താണെന്നും വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ഇല്ല

(ബി) ചോദ്യം ഉദിക്കുന്നില്ല.

ജീവപര്യന്തം ശിക്ഷയനുഭവിക്കുന്നവരുടെ ശിക്ഷ ഇളവ്

20 [820] ശ്രീ. സാജു പോൾ :
" പി. സി. ജോർജ് :
ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന തടവുകാരെ ശിക്ഷ ഇളവ് ചെയ്ത് വിട്ടയയ്ക്കുന്നത് സംബന്ധിച്ച് സർക്കാർ നിലപാട് എന്താണെന്ന് വെളിപ്പെടുത്താമോ ;

(ബി) ജീവപര്യന്തം തടവിന് ശിക്ഷിക്കപ്പെട്ട് ജയിലുകളിൽ കഴിയുന്ന എത്രപേരെ വിടുതൽ ചെയ്യാനാണ് ജയിൽ റിവ്യു കമ്മിറ്റി ശുപാർശ സമർപ്പിച്ചത് ; ഇതിൽ എത്ര പേരെ വിടാനാണ് സർക്കാർ തീരുമാനിച്ചത് ;

(സി) ജയിലിൽ നിന്ന് തടവുകാരെ വിട്ടയയ്ക്കുന്നത് സംബന്ധിച്ച് ബഹു: ഹൈക്കോടതി നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ ?

815-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly